"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പാണൻ കോളനി കുടിവെള്ള പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം-അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.939/2026/LSGD തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച 29-09-2023-ലെ DFISEM/164/2023-FIN (E-2443991) നമ്പർ റിപ്പോർട്ട്.
2. ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ 11/10/2023-ലെ D2-DFISEM/164/2023-FIN (E-2443991) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. 12-12-2023-ലെ EWA3/307/2023-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 246/2026 നമ്പർ കേസിലെ 27.2.2026-ലെ ഉത്തരവ്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 16-04-2026-ലെ LSGD/JD/TSR/5315/2024-A2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ നടപ്പാക്കിയ പാണൻ കോളനി കുടിവെള്ള പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. സുധീർ രാജ് ജെ.എസ്., സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീവ് എം.കെ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)

ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. കുറ്റാരോപിതരിൽ ശ്രീ. സജീവ് എം.കെ. ഫയൽ ചെയ്ത OA 246/2026 നമ്പർ കേസിൽ, ഉത്തരവ് ലഭിച്ച് 4 മാസത്തിനകം അച്ചടക്കനടപടിയിൽ തീർപ്പുകല്പിക്കുവാൻ പരാമർശം 4 പ്രകാരം സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 2017-18 സാമ്പത്തിക വർഷത്തിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ നടപ്പാക്കിയ പാണൻ കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുമായി ബന്ധപ്പെട്ട് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു. ആയതിനായി Thrissur District Panchayath Executive Engineer Smt.P.J.Smitha (PEN:689102)-യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CCA) Rules 1960, Manual on Disciplinary Proceedings (MDP) എന്നിവ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥയുടെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1) Smt.P.J.Smitha (PEN:689102),Executive Engineer,Thrissur District Panchayath. (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).

2) ശ്രീ.സജീവ് എം.കെ.,മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)

3) ശ്രീ.സുധീർ രാജ് ജെ.എസ്.,മുൻ അസിസ്റ്റന്റ് എഞ്ചിനിയർ, ദേശമംഗലം ഗ്രാമ പഞ്ചായത്ത് (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).

4) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് **(ഈ ഉത്തരവ് പ്രകാരമുള്ള അടിയന്തര തുടർനടപടിയ്ക്കായി)**

5) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്,കേരള, തൃശ്ശൂർ)

6) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,

7) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Asha. R

Date: 30-04-2026 10:38:43

സെക്ഷൻ ഓഫീസർ